(ഡി) ബാർ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി മാണിയുടെതല്ലാതെ മറ്റേതെങ്കിലും മന്ത്രിമാരുടേയും മുഖ്യമന്ത്രിയുടെയും പേരിൽ ആക്ഷേപം ഉയർന്നതായി ഇതേവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മദ്യനയം

15 (*15) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്നാണ്ടിലേക്കുള്ള മദ്യനയം രൂപീകരിച്ചത്, സർക്കാർ തന്നെ നിയോഗിച്ചിരുന്ന ഏകാംഗ കമ്മീഷന്റെയും ടാക്സസ് കമ്മീഷണറുടെയും ശിപാർശകൾ പരിഗണിച്ചുകൊണ്ടാണോ; എങ്കിൽ ഇവരുടെ ഏതെല്ലാം ശിപാർശകൾ അംഗീകരിച്ചു, തള്ളിയവ ഏവ; വിശദമാക്കാമോ; സർക്കാർ നയമനുസരിച്ച് പ്രവർത്തിക്കാവുന്ന ബാറുകൾ ഏതെല്ലാം ഗണത്തിൽപ്പെട്ടവയാണ്; അതുവഴി എല്ലാതരം മദ്യങ്ങളും വില്ക്കാനുദ്ദേശമുണ്ടോ;

(ബി) ഹൈക്കോടതി റദ്ദു ചെയ്ത മദ്യനയത്തിലെ വ്യവസ്ഥകൾ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പുതുതായി നിലവിൽ വരുന്ന ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ ; നിലപാട് വിശദമാക്കാമോ; ഈ ഗണത്തിൽപ്പെട്ട എത്ര അപേക്ഷകൾ പരിഗണനയിലുണ്ട് ;

(ഡി) സമ്പൂർണ്ണ മദ്യനിരോധനം അപ്രായോഗികമാണെന്ന കാര്യം ഇതിനകം തന്നെ ബോദ്ധ്യമായിട്ടുണ്ടോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) 2014-15 വർഷത്തേക്കുള്ള മദ്യനയം രൂപീകരിച്ചത് സർക്കാർ നിയോഗിച്ചിരുന്ന ഏകാംഗ കമ്മീഷന്റേയും അതിന്മേൽ നികുതി വകുപ്പ് സെക്രട്ടറി നൽകിയ ശിപാർശകളും യുക്തമായി പരിഗണിച്ചുകൊണ്ടാണ്. സർക്കാരിന്റെ പുതിയ നയം അനുസരിച്ച് ഫൈവ് സ്റ്റാർ ഗണത്തിൽപ്പെട്ട ഹോട്ടലുകളിലെ ബാറുകൾ പ്രവർത്തിക്കാവുന്നതാണ്. ഫൈവ് സ്റ്റാർ ഹോട്ടലുകൾ വഴി വിദേശ

LIBRARY ARCHIVES Kerala Legislative Assembly

മദ്യവും, ബിയറും, വൈനും, വിദേശ നിർമ്മിത വിദേശ മദ്യവും വിൽക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഹൈക്കോടതി റദ്ദുചെയ്ത മദ്യനയത്തിലെ വ്യവസ്ഥകൾ പുനഃസ്ഥാപിക്കുവാൻ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിലവിലെ മദ്യനയം അനുസരിച്ച് ഫൈവ് സ്റ്റാറും അതിനു മുകളിലും പദവിയിലുള്ള ഹോട്ടലുകൾക്ക് മാത്രമെ പുതുതായി ബാർ ലൈസൻസ് നൽകാൻ വ്യവസ്ഥയുള്ളൂ. ഫൈവ്സ്റ്റാർ ഗണത്തിൽപ്പെട്ട രണ്ട് ഹോട്ടലുകളുടെ അപേക്ഷകൾ ബാർ ലൈസൻസിനായി ലഭിച്ചിട്ടുണ്ട്. ഫോർ സ്റ്റാർ ഗണത്തിൽപ്പെട്ട ഹോട്ടലുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പുതിയ അബ്കാരി നയത്തിന്റെയും അതു പ്രകാരം വിദേശ മദ്യ ചട്ടത്തിൽ വരുത്തിയ ഭേദഗതികളുടേയും അടിസ്ഥാനത്തിൽ നിരസിച്ചിട്ടുണ്ട്.

(ഡി) മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ജന സൗഹൃദ പോലീസ്

16 (*16) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ സംരക്ഷകരാകേണ്ട പോലീസ് സേന ജനമർദ്ദകരും പീഡകരുമായി മാറിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളെ മർദ്ദിക്കാനും കള്ളക്കേസുകളിൽ കുടുക്കാനും അവകാശമുള്ളവരാണ് തങ്ങളെന്ന പോലീസ് സേനയിലുള്ളവരുടേതായി ആക്ഷേപിക്കപ്പെട്ട മനോഭാവം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സമരത്തിലേർപ്പെടുന്ന പൊതുപ്രവർത്തകരുടെ നേർക്ക് നടക്കുന്നതായി ആക്ഷേപിക്കുന്ന മർദ്ദനമുറകൾ അവസാനിപ്പിക്കാമോ ; ഇതിൽ ഗുരുതരമായി പരുക്കേൽക്കുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly